Mr. E. Ikkanda Warriar (*Cheruthuruthi*): What will the cost of the establishment and the maintenance of the Palace come to?

Mr. K. P. Kannan Nayar (*Secretary to Government*): The permanent establishment sanctioned is:

Superintendent	....	Rs. 150
2 butlers	....	Rs. 25-30, each.
2 boys	....	Rs. 12 each.
1 Night Watch-man	....	Rs. 12.
2 Sweepers	....	Rs. 5 each.

The demand was put and carried.

Rs. 200 by transfer from "Assessment" to "Travelling Allowance" under "Land Revenue—Cranganur".

Mr. K. Achyuta Menon (*Diwan Peishkar*): Sir, I rise to move for an additional allotment of Rs. 200 by transfer from "Assessment" to 'Travelling Allowance" under "Land Revenue Cranganur". The amount is necessary to meet certain items of expenditure explained in the Notes for the Standing Finance Committee. I request that the grant may be allowed.

The demand was put and carried.

The Cochin Nambudiri Bill.

Mr. C. A. Kunjunni Raja (*Advocate-General*): Mr. President, Sir, I move that the Cochin Nambudiri Bill be read in Council. The Bill is the result of the representations made by the Nambudiris in Cochin to the Government for the enactment of a legislation to improve the social conditions of the Nambudiri community of this State. In British Malabar and Travancore legislations have already been placed on the Statute book and this community feels that the law governing the family management, marriage, succession, etc., should be improved to meet modern requirements. So far as this Legislature is concerned, the subject has come up before it even in the first Council. In the first Council Mr. Kapplingat Sankaran Nambudiri, who was representing the Cheruthuruthi Constituency, introduced a Nambudiri Bill. It aroused a lot of opposition in the country. Even in the Select Committee, out of 13 members, 9 presented dissenting minutes. It was a very controversial measure and so His Highness had to withhold his gracious assent to it.

Similar measures on almost identical lines and in which all the objectionable features were repeated had also to be vetoed

LIBRARY ARCHIVES Kerala Legislative Assembly

since then. In the second Council there was a Bill by Mrs. Pavithran. That also contained all the objectionable features. But that Bill did not reach its maturity.

An identical Bill in the third Council was vetoed by His Highness and Mr. Ramachandra Ayyar brought the Bill again in the fourth Council repeating all the objectionable features. It also received the fate of its predecessors. It is in this Council that the member for Land-holders got leave to introduce a Bill in which some of the objectionable features are removed. Still it cannot be accepted by Government in toto. The Government therefore thought it necessary to undertake legislation on the subject themselves on their own responsibility, leaving out all the objectionable features and at the same time giving all the necessary facilities, which in the opinion of the Government, are necessary for modern requirements. The present Bill is based more or less on the lines of the Madras Nambudiri Act with regard to family management, marriage and intestate succession. In the Madras Act, there is provision for partition, but we do not find that provision in the Travancore Act. In other respects this Bill is an adaptation of the Malabar Act. I hope that this Bill will be acceptable to all the progressive as will as the conservative sections of the community. With regard to the progressive section, there is a provision in section 16 of the Bill which will enable them to marry from their own community. The progressive younger generation has been pressing for this and so this will be welcome to them. With regard to the the conservative section, they also will be satisfied because specific powers are given to the Karanavan with regard to management of tarawads in Chapter II of the Bill and there is no provision for partition to which serious objection is taken by the conservative section. The law with regard to intestate succession has been made definite in Chapter V of the Bill. I think, in these circumstances, the House will accept this moderate measure and help the Community to adjust its position according to modern requirements.

മിസിസ് തങ്കമ്മ എൻ. മേനോൻ: വളരെക്കാലമായിട്ട് തങ്ങളുടെ സമുദായത്തേയും മറ്റുസമുദായങ്ങളെപ്പോലെതന്നെ പരിഷ്കൃത ലോകത്തിലേക്കുകൊണ്ടുവരണമെന്നാഗ്രഹിച്ച് അതിശക്തിയായി പ്രക്ഷോഭണങ്ങളും മറ്റും നടത്തിവരുന്ന നമ്പൂതിരി സമുദായത്തിലെ യുവാക്കന്മാർക്കും യുവതികൾക്കും സന്തോഷമുണ്ടാകത്തക്കവിധത്തിൽ ഗവർമ്മെൻറ് അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ സ്ത്രീകളുടെ പ്രതിനിധിയെന്ന നിലയിലും എന്റെ സ്വന്തനിലയിലും ഞാൻ സന്തോഷപൂർവ്വം പിൻതാങ്ങിക്കൊള്ളുന്നു. എന്റെ സഹോദരിമാരായ നമ്പൂതിരി സ്ത്രീകൾ ഇപ്പോൾ അനുഭവിച്ചുവരുന്നതായ കഷ്ടതകളെപ്പറ്റി കുറച്ചുകൂടി അറിയുവാൻ ഇടയുള്ളവർക്ക് ഇപ്രകാരമുള്ള ഒരു ബിൽ അവർക്ക് എത്രത്തോളം ആശ്വാസത്തെയാണ് നൽകുന്നതെന്നും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണെല്ലൊ. ഈ ബില്ലിനെ പിൻതാങ്ങുവാനുണ്ടായ പ്രധാനകാരണം നമ്പൂതിരിസമുദായത്തിൽ ഇപ്പോഴുള്ളതായ ഒഷിച്ചു സമ്പ്രദായം അതായതു് ൪൦-ം, ൫൦-ം വയസ്സു പ്രായം ചെന്ന നമ്പൂതിരിമാർ പണത്തെമാത്രം ഇച്ഛിച്ചു് ചന്തയിൽപോയി കന്നുകാലികളെ വാങ്ങുന്നമാതിരി ചെറുപ്പക്കാരായ ൧൦-ം, ൧൫ നമ്പൂതിരിസ്ത്രീകളെ കല്യാണംകഴിച്ചുകൊണ്ടുവന്നു് അവരെ നരകക്കുഴിയിൽ ഇട്ടവലിക്കുന്ന ആ ഭയങ്കരമായ കാഴ്ച ഇനിയെങ്കിലും കാണേണ്ടി വരികയില്ലല്ലൊ എന്നുള്ള ഏകസമാധാനംകൊണ്ടുമാത്രമാണു്.

കൊച്ചുകൊല്ലങ്ങൾക്കുമുമ്പു് ഈ നിയമസഭയിൽ ഇതേമാതിരി ഒരു ബിൽ അവതരിപ്പിച്ചപ്പോൾ അന്നത്തെ സ്പെഷ്യൽ മെമ്പർ ആയിരുന്ന ബ്രഹ്മശ്രീ പന്തൽവൈദീകൻ നമ്പൂതിരിയുടെ വാക്കുകളെയാണു് എനിക്കു് ഈ സന്ദർഭത്തിൽ ഓർമ്മവരുന്നതു്. ആ പൂജ്യനായ വൈദീകൻ എന്തൊരു ദയാലു. അദ്ദേഹത്തിന്നു് സ്ത്രീകളോടു എന്തൊരു അനുകമ്പ. അദ്ദേഹം അന്നു പ്രസ്ഥാവിച്ചതായ വാക്കുകളുത്തന്നെ ഞാൻ ഇവിടെ വായിക്കാം. "എന്തുതന്നെ ആവശ്യമുണ്ടായിരുന്നാലും നാലു വിവാഹം നിലവിൽ നിൽക്കുമ്പോൾ ആ പുരുഷനു പിന്നെ ഒരു വിവാഹം ചെയ്യാൻ പാടുള്ളതല്ല. അങ്ങിനെ ചെയ്യാൽ അതു് സാധുവുമല്ല". എന്നാണു് അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഇതിൽനിന്നും നമ്പൂതിരി സമുദായത്തിൽപെട്ടിട്ടുള്ള മാമൂൽപ്രിയന്മാരുടെ അഭിപ്രായത്തെ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണു്. പുരുഷന്മാരുടെ സ്വാർത്ഥത്തെ മാത്രം മുൻനിറുത്തിക്കൊണ്ടു് ആ സമുദായം മുന്നോട്ടു പോകാതിരിക്കുവാൻ വേണ്ടിയും, യാഥാപ്രതിവാദങ്ങൾ നടത്തിവരുന്ന വൈദീകന്മാർ എന്നു പറയപ്പെടുന്ന ഇവരുടെ ആളുകളുടെ അഭിപ്രായത്തെ കണക്കാക്കാതെ ഗവൺമെന്റിൽനിന്നും ഇപ്രകാരം ഒരു ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതിനു് ഞാൻ മഹാരാജാവു തിരുമനസ്സിനേയും തിരുമനസ്സിനെ ഉപദേശിച്ച ബഹുമാനപ്പെട്ട ദിവാൻജി അവർകളേയും അഭിനന്ദിച്ചുകൊള്ളുന്നു.

എല്ലാ നമ്പൂതിരിമാർക്കും അവരുടെ സജാതിയിൽനിന്നുതന്നെ വിവാഹം കഴിക്കാമെന്നുള്ള ഈ നിയമം ഇവിടെ പാസാക്കുന്നതായാൽ ഇപ്പോൾ ആ സമുദായത്തിലുള്ളതായ ബഹുഭോഗ്യാത്വവും അവിവാഹിതകളായ പെൺകുട്ടികളുടെ എണ്ണവും ജാതിഭ്രഷ്ടും തുലോം നശിച്ചുപോകുന്നതാണു്. എന്നാൽ ഇപ്രകാരം അവർക്കു് കിട്ടുവാൻപോകുന്നതായ ഈ സ്വാതന്ത്ര്യത്തെ യുവാക്കന്മാരായ നമ്പൂതിരിമാർവേണ്ടുംവണ്ണം വിനിയോഗിച്ചു് സ്വജാതിയിൽതന്നെ വിവാഹംചെയ്തു് തങ്ങളുടെ സ്ത്രീകളുടെ മാർക്കുട പിടിക്കുകമുതലായ ദുരാചാരത്തെ നീക്കംചെയ്തു് അവർക്കു് മറ്റു സമുദായത്തിലെ സ്ത്രീകളുടെ മാതിരിയിലുള്ള സ്വാതന്ത്ര്യം നൽകി അവർ ഇപ്പോൾ അനുഭവിച്ചുവരുന്നതായ സങ്കടകരമായ ജീവിതത്തിൽനിന്നും അവരെ കരകേറ്റികൊണ്ടുവന്നു് സന്തോഷകരമായ ഒരു ജീവിതം അവർക്കു നൽകുമെന്നു് ഞാൻ ആശിക്കുകയും അപ്രകാരം ചെയ്യുന്നതിനു് യുവാക്കന്മാരായ നമ്പൂതിരിമാരോടു ഞാൻ അപേക്ഷിക്കയുംചെയ്തുകൊള്ളുന്നു.

ഈ ബില്ലിനെ പിൻതാങ്ങുവാനുള്ള മറ്റൊരു പ്രധാനകാരണം, സ്ത്രീകൾക്കു് വിവാഹകാലത്തു് കൊടുക്കുന്ന സ്വത്തിന്നു് അവർക്കുമാത്രമെ അവകാശമുള്ളുവെന്നും ആ സ്വത്തിനു് വേറെ ആർക്കും യാതൊരു അധികാരമൊ അവകാശമൊ ഇല്ലെന്നും കാണുന്നതുകൊണ്ടാണു്. അങ്ങിനെ ഒരു വ്യവസ്ഥ ഈ ബില്ലിൽ കൊടുത്തിട്ടുള്ളതിനും ഞാൻ ബഹുമാനപ്പെട്ട അഡ്വക്കേറ്റു് ജനറൽ അവർകളെ അഭിനന്ദിച്ചുകൊള്ളുന്നു. ഈ ബില്ലിലെ വേറെചില ഭാഗങ്ങളോടുകൂടി ഞാൻ അത്രയോജിക്കുന്നില്ല. ആ ഭാഗങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

പ്പറ്റി ഇനിയൊരവസരത്തിൽ പറയാമെന്നുള്ളതുകൊണ്ട് ഇപ്പോൾ പറയുന്നില്ല. എന്നാൽ ആ ഭാഗങ്ങളിൽ ഏറ്റവും പ്രാധാന്യമേറിയ ഒരു സംഗതിയെക്കുറിച്ചു് രണ്ടുവാക്കുമാത്രം ഇവിടെ പറഞ്ഞുകൊള്ളട്ടെ. കല്യാണംകഴിഞ്ഞു പത്തുകൊല്ലത്തിനകം ഒരു പുരുഷപ്രജയുണ്ടായിട്ടില്ലെങ്കിൽ ആ നമ്പൂതിരിക്കു് വേറെ ഒരു നമ്പൂതിരിസ്ത്രീയെ വിവാഹംചെയ്യുവാനുള്ള സ്വാതന്ത്ര്യം ഈ ബില്ലിൽ കൊടുത്തുകാണുന്നുണ്ടു്. അതു് ഒട്ടുംതന്നെ ശരിയല്ല. ഒരു പുരുഷപ്രജ ഒരു നമ്പൂതിരിക്കുണ്ടാകുന്നതിലേക്കു് എത്രത്തോളം പ്രാധാന്യമേറിയതാണോ അത്രത്തോളംതന്നെ ഒരു സ്ത്രീപ്രജയും ഒരു നായർ കുടുംബത്തിലേക്കു പ്രാധാന്യമേറിയതാണു്. ഒരു പുരുഷപ്രജയില്ലാതെ ഒരു ഇല്ലം എപ്രകാരം ഇല്ലാതായിപോകുമോ അതുപോലെതന്നെ ഒരു സ്ത്രീപ്രജയില്ലാതെ ഒരു നായർ തറവാടും ഇല്ലാതായിപോകുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തി നായർ കുടുംബത്തിലുള്ള ഒരു സ്ത്രീക്കു് കല്യാണംകഴിച്ചു് പത്തുകൊല്ലത്തിനുള്ളിൽ ഒരു സ്ത്രീ പ്രജയുണ്ടായിട്ടില്ലെങ്കിൽ തന്റെ ഭർത്താവിനെ ഉപേക്ഷിച്ചു് വേറെ ഒരു പുരുഷനെ വിവാഹം കഴിക്കുവാനുള്ള ഒരു സ്വാതന്ത്ര്യം നായർ റെഗുലേഷനിൽ ഉണ്ടായിരുന്നുവെങ്കിൽ, അപ്രകാരമുള്ള ഒരു ബിൽ ഈ നിയമസഭയിൽ പാസാക്കുമെന്നു ബഹുമാനപ്പെട്ട മെമ്പർമാർ വിചാരിക്കുന്നുണ്ടോ? (ഹിയർ, ഹിയർ) ഒരിക്കലും ഇല്ല. എന്തുകൊണ്ടെന്നാൽ പുരുഷന്മാരുടെ സുഖസ്വാതന്ത്ര്യങ്ങളെ തടയുന്നതായ ഈ വ്യവസ്ഥയെ പുരുഷന്മാർ എല്ലാവരും ഏകോപിച്ചുനിന്നു എതിർക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ നിയമസഭയിൽ സ്ത്രീകളുടെ കാര്യം പറയുന്നതിനു് ഞങ്ങൾ രണ്ടു സ്ത്രീകൾമാത്രമെയുള്ളു എന്നുള്ളതു് ബഹുമാനപ്പെട്ട മെമ്പർമാർ ഓർക്കേണ്ടതാണു്. ഈ ഓർമ്മയോടുകൂടി ബില്ലിലെ ആ സെക്ഷനെ എതിർക്കുന്നതിനു ബഹുമാനപ്പെട്ട എല്ലാമെമ്പർമാരും എന്നെ അനുകരിക്കുമെന്നു വിശ്വസിക്കുന്നു. ഈ സെക്ഷനെപ്പറ്റി ശ്രീമതി പാറ്റൂർ നെന്മേനിമംഗലം എന്ന അന്തർജ്ജനം ഈ നിയമസഭയിൽ പറഞ്ഞിട്ടുള്ള വാക്കുകളെതന്നെ ഞാനിവിടെ എടുത്തുവായിക്കാം. "ഈ ബില്ലിൽ വ്യവസ്ഥചെയ്തിട്ടുള്ള അധിവേദനത്തിന്റെ കാര്യത്തെക്കുറിച്ചാലോചിച്ചു നോക്കുമ്പോൾ എനിക്കുതന്നെ ഭയം തോന്നുന്നുണ്ടു്. എന്റെ സ്ഥിതിതന്നെ ഇതിനു് ഒരു ഉദാഹരണമാണു്. എനിക്കു വിവാഹം കഴിഞ്ഞിട്ടു ഉദ്ദേശം പത്തുകൊല്ലം തികഞ്ഞു. എനിക്കു് ഇതുവരെ സന്താനങ്ങളൊന്നുതന്നെ ഉണ്ടായിട്ടില്ല. വിവാഹത്തിനുശേഷം പത്തുകൊല്ലം കഴിഞ്ഞും ഭാര്യ പ്രസവിക്കാതിരുന്നാൽ ഭർത്താവിനു വീണ്ടും ഒരു വിവാഹംചെയ്യാമെന്നുള്ള ഒരു വ്യവസ്ഥ വളരെ ഭയങ്കരമാണു്. എന്റെ വിവാഹംകഴിഞ്ഞിട്ടു പത്തുകൊല്ലം കഴിഞ്ഞില്ലെ; കുട്ടികളില്ലല്ലൊ; എന്റെ ഭർത്താവു് ഒരു അധിവേദനത്തിനു് പുറപ്പെട്ടാൽ തീച്ചയായും എനിക്കു അതിൽ വളരെ സങ്കടം തോന്നാതിരിക്കയില്ല. ഒരു നമ്പൂതിരി സ്ത്രീക്കുന്നല്ല, ഏതൊരു സ്ത്രീക്കും അതു സമ്മതിക്കുവാൻ മനസ്സു് വരുമെന്നു തോന്നുന്നില്ല." അന്നത്തെബില്ലിൽ സന്തതിയില്ലെങ്കിൽമാത്രമെ പുനർവിവാഹത്തിനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുള്ളു. എന്നാൽ ഈ ബില്ലിലാകട്ടെ പെൺകുട്ടികൾ എത്രതന്നെ ഉണ്ടായിരുന്നാലും ആൺകുട്ടികൾ ഇല്ലാതിരുന്നാൽ പുനർവിവാഹത്തിനുള്ള സ്വാതന്ത്ര്യംനൽകുന്നുണ്ടു്. അതുകൊണ്ടു് ഈ ബില്ലിലെ ഈ സെക്ഷനെ എടുത്തുകളയുന്നതിനു് ഞാൻ ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ അവർകളോടപേക്ഷിച്ചുകൊണ്ടു് ഈ ബില്ലിനെ പിൻതാങ്ങിക്കൊള്ളുന്നു.

Mr. President: It is prohibited under the Bill. A man can take a second wife only under certain circumstances.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. V. Iyyu (*Kunnamkulam*): Under S. O. 61, I have to present a petition from certain Namboodiri Brahmins who are affected by this Bill and who belong to my constituency.

ഈ നിയമസഭയെ ബോധിപ്പിക്കുവാനായി തലപ്പള്ളി താലൂക്കിലെ നമ്പൂതിരിമാരിൽനിന്നും ഒരു ഹരജി എനിക്കയച്ചു കിട്ടിട്ടുണ്ട്". അതിൽ ഒപ്പിട്ടിട്ടുള്ളവർ താഴെ പറയുന്നവരാകുന്നു. (൧) തലപ്പള്ളി താലൂക്ക് ആളൂർവില്ലേജ് പന്നിയ്ക്കരിദേശത്തു് കൊവ്വല്ലൂരു മനക്കൽ നാരായണൻ കുഞ്ഞൻ നമ്പൂതിരി, കണ്ടാണിശ്ശേരി അരിയന്നൂർ ദേശത്തു് ഒരുകുരു വലിയ നാരായണൻ നമ്പൂതിരി, ആളൂർ വില്ലേജുദേശത്തു് വടക്കുംപാട്ടു് കുഞ്ഞൻ നമ്പൂതിരി മുതലായവരാണു്.

They are 15 in number and ending with one Narayanan Nambissan of Chemmanthatta Village, Talappalli Taluk. The petition is the result of their belief that the Bill will be immediately taken up and passed since the Nambudiri members of this House may be satisfied with the provisions of the present Bill. They are also afraid that no evidence will be taken, even though it is announced in the Agenda that the bill is to be referred to a Select Committee, and that it may not perhaps go to a Select Committee. Another important fact they have brought to the notice of the House is that an expert member used to be nominated when the previous Bills were taken up in this House. They pray that the Government be pleased to do likewise this time also.

Mr. President: Do you mean by an expert, one who has a number of wives? (*Laughter*).

Mr. C. V. Iyyu (*Kunnamkulam*): They pray that Sriman Parakkal Krishna Menon be appointed as an expert member on this Bill, because he knows both the progressive as well as the conservative view points fully well. Now I shall read their prayer.

ഇതിൽ പറയുന്നതായ അപേക്ഷകൾ ഇവിടെ വായിക്കുന്നു. ൧. 'ഈ രൂപേണ അവതരിപ്പിക്കപ്പെട്ടിരുന്ന നമ്പൂതിരിബില്ലിനെക്കുറിച്ചു് ആലോചിക്കുന്നതിനു് ധാരാളം സമയം തരേണ്ടതാണെന്നും; ൨. ബിൽ മലയാളത്തിൽ തർജ്ജിമചെയ്തു ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിക്കുന്നതിനും, ൩. ഈ സാമുദായികനിയമം നമ്പൂതിരിമാരല്ലാത്ത അനേകം സമുദായങ്ങളെ ബാധിക്കുന്നതിനാൽ പൂർണ്ണമായ അന്വേഷണങ്ങൾ കൊച്ചിരാജ്യം മുഴുവനും നടത്തുവാനും; ൪. മേൽകാണിച്ചവിധം ഒരുവിദഗ്ദ്ധ സാമുദായികനെ നിയമിച്ചില്ലാതെ ബിൽ എടുക്കപ്പെട്ടിരുന്ന സിലക്ട് കമ്മിറ്റി പ്രവർത്തനം തുടരാൻ സമ്മതിക്കരുതെന്നും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു." ഇതു് ഞാൻ ഇവിടെ സമർപ്പിച്ചുകൊള്ളുന്നു.

Mr. K. S. Panickar (*Ezhuvas-Mukundapuram*): On a point of information Sir, ഈ പെറ്റീഷൻ കൌൺസിലിലേക്കു നേരിട്ടയച്ചതാണൊ?

Mr. C. V. Iyyu (*Kunnamkulam*): The petition is presented to the House under. S. O. 61.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. A. Kunjunni Raja (*Advocate-General*): Orders have been issued to print the Bill in Malayalam also.

മിസ്റ്റർ സി. കുഞ്ഞൻനമ്പൂതിരിപ്പാട്: ഒരു സമുദായ നിയമത്തിന്നുവേണ്ടി പന്തീരാണ്ടിലധികമായി പ്രയത്നിക്കുന്ന നമ്പൂതിരി സമുദായത്തെ ഇക്കാലംവരെക്കും നിരാശതയിലേക്കു തള്ളിനീക്കിയ കൊച്ചി ഗവൺമെണ്ടിനെ ഇപ്പോൾ ഒരു നമ്പൂതിരി ബിൽ തയ്യാറാക്കുവാൻ നിർബ്ബന്ധിച്ച കാലശക്തിയോട് ഞാൻ കൃതജ്ഞനാണ്. ബില്ലിനെപ്പറ്റി എന്തെങ്കിലും പറയുവാൻ മുതിരുന്നതു എനിക്കു ഒരു വ്യക്തിയുടെ അഭിപ്രായം പ്രകടിപ്പിക്കുവാനല്ല ബാദ്ധ്യതയുള്ളതെന്നോർക്കുമ്പോൾ വലിയൊരു ഭയപ്പാടിനാലാണ് കാരണമായിരുന്നുണ്ട്. മുൻകാലങ്ങളിൽ ഓരോ ഘട്ടങ്ങളിലായി ഈ നിയമസഭയുടെ ആലോചനക്കു വിഷയമായി തീർന്നിട്ടുള്ള നാലു നമ്പൂതിരി ബില്ലുകളെ സംബന്ധിച്ച് എന്റെ സ്വന്തനിലക്കുമാത്രമെ വിമർശിക്കേണ്ടി വന്നിട്ടുള്ളൂ. എന്നാൽ ഇപ്പോൾ ഞാനിവിടെ ചെയ്യേണ്ടതു ബില്ലിനെസംബന്ധിച്ച ഒരു വ്യക്തിയുടെനിലക്കുമാത്രമല്ല യോഗക്ഷേമ മഹാസഭയുടെ നിർദ്ദേശപ്രകാരം സമുദായത്തിന്റെ മുഴുവൻതന്നെ അഭിപ്രായത്തെയാണ്, വെളിവാക്കേണ്ടതു്. ഇതു് വലിയൊരു ചുമതലയുമാണ്.

ഇന്നിവിടെ ആലോചനക്കു വന്നിട്ടുള്ള ബില്ലിന്റെ സ്വരൂപണത്തിന്നു അടിസ്ഥാനമായി ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള സമുദായാഭിപ്രായം യോഗക്ഷേമ മഹാസഭയിൽനിന്നും കഴിഞ്ഞ കന്നി ൨൫-൦൦- മഹാരാജാവുതിരുമനസ്സിലേക്കു സമർപ്പിച്ച മെമ്മൊറാണ്ടമായിരിക്കുമെന്നു ബില്ല് വായിച്ചുനോക്കിയപ്പോൾ എനിക്കു തോന്നുകയുണ്ടായി. കൊച്ചി നമ്പൂതിരി ബിൽജാഥ ചെറുതുരുത്തിയിൽനിന്നു പുറപ്പെട്ട് സമുദായത്തിന്റെ പൂർണ്ണമായ അഭിപ്രായാനുകൂല്യത്തോടെ കന്നി ൨൫-൦൦- കാക്കുന്നു കൊട്ടാരത്തിൽചെന്നു മഹാരാജാവു തിരുമനസ്സിലെ മുഖം കാണിച്ചു, സമർപ്പിച്ച മെമ്മൊറാണ്ടത്തിൽ എന്തുരൂപത്തിലായാലും ഒരു സമുദായനിയമംകൊണ്ടു നമ്പൂതിരിമാരെ സംരക്ഷിക്കണമെന്നാണ് അപേക്ഷിച്ചിട്ടുള്ളതു്. ഈ അപേക്ഷയുടെ സ്വരൂപത്തെ ആശയം വെളിവാക്കുന്നുണ്ട്. ഒരു പന്തീരാണ്ടിൽ കവിഞ്ഞ കാലത്തിനിടക്കു ബിൽകാര്യത്തിൽ തുടർച്ചയായി സമുദായത്തിന്നു നേരിട്ടിട്ടുള്ള പരിതാപകരമായ പരാജയങ്ങളുടെ ഒരു പ്രതിഫലനം മാത്രമാണതു്. ഒരു നിയമംകൊണ്ടു സമുദായത്തിന്നുണ്ടായി തീരേണ്ട സംരക്ഷണങ്ങൾ മുൻ ബില്ലുകളിൽ വഴിക്കു വിശദമായിരുന്നിട്ടും, ആ ബില്ലുകൾക്കു സമുദായത്തിന്റെ ബഹുഭൂരിപക്ഷമായ അഭിപ്രായാനുകൂല്യമുണ്ടായിരുന്നിട്ടും ഗവൺമെണ്ടിൽനിന്നു മെമ്മൊറാണ്ടത്തിലെ ദിനമാദനത്തെ മുറുകെപ്പിടിച്ചുകൊണ്ട് ഇങ്ങിനെയൊരു പുതിയ ബിൽ തയ്യാറാക്കുവാൻ കരുങ്ങിയതിലുള്ള നയവിശേഷത്തെ എന്തുവാക്കുകൊണ്ടാണ് വിമർശിക്കേണ്ടതെന്നു ഞാൻ അറിയുന്നില്ല. സമുദായം ഇതുകൊണ്ട് തൃപ്തിയടഞ്ഞു ബിൽ പ്രക്ഷോഭണത്തിന്നു പൂർണ്ണവിരാമമിടുകയല്ല, പ്രത്യുത അതു പൂർവ്വാധികം ശക്തിയുക്തമാക്കുകയാണ് ചെയ്യുകയെന്നു മാത്രമെ തല്ക്കാലം ഞാനിവിടെ പ്രസ്താവിക്കണമെന്നുദ്ദേശിക്കുന്നുള്ളൂ.

ഒരു സമുദായ നിയമംകൊണ്ട് ഞങ്ങൾ ആദ്യമായി ആവശ്യപ്പെടുന്ന ആ സ്വാതന്ത്ര്യം—ഭോഗാധികാരം—ഇന്നത്തെ ബില്ലിൽ അടങ്ങീട്ടില്ലെന്നുള്ളതു ആരുടെതന്നെയും വിമർശനത്തിന്നു വിഷയമാണ്. നമ്പൂതിരിക്കു സംഭവിച്ചിട്ടുള്ള ഏതൊരു നാശവും കൂട്ടുകുടുംബ സമ്പ്രദായത്തിന്റെ കൃത്രിതഫലത്താലാണെന്നുള്ളതു ഞാനിവിടെ എടുത്തു പറയേണ്ടതില്ല. കൂട്ടുകുടുംബ സമ്പ്രദായം

LIBRARY ARCHIVES Kerala Legislative Assembly

നമ്പൂതിരിയെ അലസനാക്കിതീർത്തു. അയാൾക്കിന്നൊരു ജീവിതലക്ഷ്യമില്ല. യാതൊരു കർമ്മശക്തിയുമില്ല. സ്വപ്രയത്നംകൊണ്ടു് ജീവിച്ച ആ പഴയകാലത്തെ അയാൾ ആജ്ഞാപിച്ചുവെച്ച അപൂർവ്വനിയമങ്ങളെല്ലാം ഇന്നു കഥാശേഷമാണു്. ഇന്നയാൾ ആത്മികമായും സാംസ്കാരികമായും ധർമ്മികമായി പ്പോലും എത്രമാത്രമാണധഃപതിച്ചു പോയിട്ടുള്ളതെന്നു കാട്ടിക്കൊടുക്കുവാൻതന്നെ വിഷമമായിതീരുന്നു. അയാളുടെ കുടുംബഭരണം കാർക്കശ്യത്തിനു കേളികേട്ട ഒരു കാരണവനായിരിക്കും നിർവ്വഹിക്കുന്നതു്. അങ്ങിനെ ഒരു കുടുംബത്തിൽ ഭരണാധികാരിക്കു മാത്രമെ രക്ഷയുള്ളൂ. അയാളുടെ ധ്വംസനശീലത്തിനു വിധേയമാണു് അവിടെയുള്ള ധനശക്തിയെല്ലാം. ബാക്കിയുള്ളവരൊക്കെയും പുറംതട്ടായിരിക്കും. ഈ ദയനീയസ്ഥിതിയാണു്, ഈ അലഞ്ഞുതിരിയലാണു് നമ്പൂതിരിയുടെ അഭിമാനവും അഭിവൃദ്ധിയും കെടുത്തുന്ന സംബന്ധസമ്പ്രദായത്തിലേക്കു അയാളെ വലിച്ചിഴക്കുന്നതു്. ഹിതാനുസരണമുള്ള ഒരു ജീവിതത്തിനു മാർഗ്ഗമില്ലെന്നുള്ള മനോവേദന സംബന്ധസമ്പ്രദായം താരതമ്യേന ചുമതല കുറഞ്ഞ ഒരു ജീവിതോപായമാണെന്ന നിലയിൽ ഏതെങ്കിലും പ്രഭകുടുംബത്തെ പ്രാപിക്കുന്നതിനുപോലും അയാളെ ഹൃദയശൂന്യനാക്കിതീർക്കുന്നു. ഇങ്ങിനെയുള്ള അസുഖസ്ഥിതികൾ അനുനിമിഷം വർദ്ധിച്ചുകൊണ്ടു് സമുദായം അധഃപതിച്ചുപോകുന്നതിനു് ഇന്നത്തെ കൂട്ടുകുടുംബസമ്പ്രദായത്തെ ഹിതാനുസരണം ആളോഹരി ഭോഗത്തിനു വിധേയമാക്കിതീർക്കുകമാത്രമാണു് ഒരു തടയലായിട്ടുള്ളതു്.

ഭോഗവ്യവസ്ഥ ഉൾക്കൊള്ളുന്നതൊരു നിയമം സമുദായശ്രേയസ്സിനും കാലഗതിക്കുപോലും എത്രമാത്രം വിപരീതമാണെന്നുള്ളതു ഞാനിവിടെ വെളിവാക്കിക്കഴിഞ്ഞു. ഇതു ശവമ്പെണ്ടിനു ബോദ്ധ്യപ്പെട്ടതുമാണു്. ശവമ്പെണ്ടു് മറ്റു സമുദായക്കാർക്കു പ്രത്യേക നിയമം അനുവദിച്ചു കൊടുത്തിട്ടുള്ളതിലൊക്കെ ഭോഗാധികാരത്തിനു വ്യവസ്ഥചെയ്തിട്ടുണ്ടു്. നമ്പൂതിരിമാരുടെ ഒന്നൊഴിയാതെയുള്ള ആവശ്യവും ഭോഗാധികാരത്തോടുകൂടിയ ഒരു നിയമമാണെന്നു ശവമ്പെണ്ടിനു നേരിട്ടറിയാമെങ്കിലും അതു നിഷേധിക്കുന്നു. നമ്പൂതിരിമാരോടു ശവമ്പെണ്ടു് കൈക്കൊണ്ടിട്ടുള്ള പ്രത്യേക മനോഭാവം അവരുടെ ഹിതത്തിനും ആവശ്യങ്ങൾക്കും അഭിവൃദ്ധിക്കും വിപരീതമാണെന്ന മാത്രമെ ഞാൻ തല്ക്കാലം പറവാനുദ്ദേശിക്കുന്നുള്ളൂ. ഇന്നത്തെ ബില്ലു്, ഇങ്ങിനെ ഞങ്ങൾക്കത്യാവശ്യവും അതിപ്രധാനവുമായ ഒരു വ്യവസ്ഥയാണു് വിട്ടുകളഞ്ഞിട്ടുള്ളതു്. അതിനാൽ ഇതു തൃപ്തിയോടെയായിരിക്കയില്ല സമുദായം സ്വീകരിക്കുക.

വ്യക്തികൾക്കു ആത്മികസ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കാത്തതായ ഇന്നത്തെ ബില്ലുകൊണ്ടു ഞങ്ങളുടെ സാമുദായികാവശതകൾക്കു സാരമായ മാറ്റമൊന്നും സംഭവിക്കാനില്ലെന്നുള്ളതു ഞാൻ എടുത്തുകാണിച്ചുകഴിഞ്ഞു. കൂടാതെ, ഈ ബില്ലിലെ ഉദ്ദേശ്യങ്ങളുടെ പ്രസ്താവനയിൽ "ഇല്ലത്തെ വരവിനും സ്ഥിതിക്കും അനുസരിച്ചു ചിലവിനു കിട്ടുവാൻ എല്ലാ മെമ്പർമാർക്കും അവകാശമുള്ളതാണെന്നു പറയുന്നതുതന്നെ അതിനെ തുടരുന്ന വ്യവസ്ഥ ഇല്ലത്തുനിന്നും വിട്ടു ജീവിക്കുവാൻ ആശിക്കുന്ന ഒരാൾക്കു ചിലവിനു കിട്ടുവാനുള്ള അവകാശത്തെ നിഷേധിക്കുകപോലും ചെയ്യുന്നുവെന്നാണു് എനിക്കു പറയുവാനുള്ളതു്." "ഇല്ലത്തല്ലാതെ മാറിതാമസിക്കുന്ന ഒരു മെമ്പർക്കു, അങ്ങിനെ ചെയ്യുവാൻ തക്ക കാരണം കാണിക്കാൻ" സാധിക്കുമെങ്കിൽ മാത്രമെ ചിലവിനു കിട്ടുവാനധികാരമുള്ളുവെന്ന വ്യവസ്ഥ "തക്കകാരണ"ങ്ങളുടെ സ്വരൂപം നിർദ്ദേശിക്കാത്തതുകൊണ്ടു കേവലം അപൂർണ്ണവും അവ്യക്തവുമാണെന്നു പറയാതെ തരമില്ല. ഇന്നത്തെ കൂട്ടുകുടുംബസമ്പ്രദായത്തിൽ ഒരു വിവാഹത്തിനു വന്നുപോ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന ജീവിതാവശ്യതകളെ പരിഗണിക്കുമ്പോൾ സജാതീവിവാഹം ചെയ്യുന്നതു് സ്വകുടുംബത്തിൽനിന്നും വേറിട്ടതാമസിക്കുവാൻ ഒരു വ്യക്തിക്കു മതിയായ കാരണമായി തീരുമെന്നുള്ളതിൽ സംശയമില്ല. അതുകൊണ്ടു് സജാതീവിവാഹം കുടുംബത്തിൽനിന്നും വിട്ട ഹിതാനുസരണമുള്ള ഒരു ജീവിതത്തിനു വ്യക്തിയെ അനുവദിക്കുന്ന തരത്തിൽ അതു എത്രയും മതിയായ കാരണമായിരിക്കുമെന്നു ബില്ലിൽ പ്രത്യേകമായിതന്നെ വ്യവസ്ഥചെയ്യുന്നു ഭാഗം വിശദമാക്കേണ്ടതാണെന്നു എനിക്കഭിപ്രായമുണ്ടു്. ഇതുപോലെതന്നെ അധിവേതന സമ്പ്രദായത്തെ തടയുന്ന ഭാഗവും കുറച്ചുകൂടി വിപുലമാക്കാതിരുന്നാൽ ആ വ്യവസ്ഥകൊണ്ടു് പൂർണ്ണഫലം ഉണ്ടാകുമെന്നു തോന്നുന്നില്ല. ഇന്നാട്ടുകാരെ സംബന്ധിച്ചാണെങ്കിൽ, ബില്ലിലെ വ്യവസ്ഥപ്രകാരം, പിഴ ചുമത്താമെന്നുള്ളതുകൊണ്ടുതന്നെ അധിവേതന സമ്പ്രദായം നശിക്കുമായിരിക്കാം. എന്നാൽ അന്യശീമയിൽപ്പെട്ട ഒരാൾ വരനായി വരുന്നെങ്കിൽ ബില്ലിലെ വ്യവസ്ഥകൾക്കു എത്രകണ്ടു ബലമുണ്ടായിരിക്കുമെന്ന സംശതിയിൽ ഞാൻ സംശയിക്കുന്നു. നിയമശക്തിക്കു നിഷ്പ്രയാസമായിപോലും അതു ചെയ്യുവാൻ സാധിക്കുന്നതു വധുവിന്റെ രക്ഷിതാവിനെകൊണ്ടു് ആയിരം ഉറുപ്പിക പിഴയടപ്പിക്കുക മാത്രമാണു്. ഇങ്ങനെ ഒരു നിയമത്താൽ അധിവേതന സമ്പ്രദായം ഒരു വിധത്തിലും അകന്നുപോവുകയില്ല. വാസ്തവം പറകയാണെങ്കിൽ അധിവേതന സമ്പ്രദായത്തോടു അനുകൂലമുള്ള ഒരു യാഥാസ്ഥികൻ നമ്പൂതിരിയെ നിയന്ത്രിക്കുന്നതിനു പിഴ കല്പിക്കുന്നതിനെക്കാൾ പ്രായോഗികമായിട്ടുള്ളതു അയാളെ ജയിൽ ശിക്ഷക്കുകൂടി വിധേയനാക്കി തീർക്കയാണു്.

ഈ സന്ദർഭത്തിൽ ഇന്നലെ തൃശ്ശിവപേരൂർ നമ്പൂതിരി വിദ്യാലയം വിദ്യാർത്ഥിനി സദനത്തിൽവെച്ചു സമ്മേളിച്ച അന്തർജ്ജനസമാജത്തിന്റെ ഒരു തീർപ്പുകൂടി നിയമസഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു, അതിപ്രകാരമാണു്.

"(a) നമ്പൂതിരി സ്ത്രീകളുടെ ജീവിതാനന്തരകർത്തവ്യമാക്കിത്തീർക്കുന്ന ആഭിഷിച്ചു അധിവേദനത്തെ തടഞ്ഞുകൊണ്ടുള്ള ഒരു നമ്പൂതിരി ബിൽ നിയമമാക്കുവാൻ ഉദ്ദേശിക്കുന്നതിൽ ഈ യോഗം കൊച്ചി ശാസ്ത്രമെണ്ടിനെ അഭിനന്ദിക്കുന്നു.

(b) പ്രസ്തുത ബില്ലിൽ താഴെ പറയുന്ന അഭിപ്രായങ്ങൾകൂടി ഉൾപ്പെടുത്തി ഉടനെ നിയമമാക്കിതരുവാൻ ഈ യോഗം കൊച്ചി ശാസ്ത്രമെണ്ടിനോടും നിയമസഭാ സമാജികന്മാരോടും അപേക്ഷിക്കുന്നു.

(ക) അധിവേതനം നിരുപാധികമായി തടയേണ്ടതാണു്.

(ഖ) അധിവേതനത്തിൽ ഇപ്പോൾ ശിക്ഷയായി ബില്ലിൽ ഉൾപ്പെടുത്തീയിട്ടുള്ള വ്യവസ്ഥകൾക്കുപുറമെ, അതു ചെയ്യുന്നവരെ, അതിനു പ്രേരിപ്പിക്കുന്നവരെ ജയിൽശിക്ഷക്കുകൂടി വിധേയരായി തീരേണ്ടതാണു്.

(ഗ) സജാതീവിവാഹം സ്വകുടുംബത്തിൽനിന്നു വിട്ട ഹിതാനുസരണമുള്ള ഒരു ജീവിതത്തിനു മതിയായ കാരണമായിരിക്കേണ്ടതാണു്."

ഇപ്പോൾതന്നെ ഞാൻ വളരെ സമയം വിനിയോഗിച്ചുകഴിഞ്ഞു. ബില്ലിൽ അത്യാവശ്യമായി വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ചു എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

പറയുവാനുള്ളതു പറഞ്ഞുംകഴിഞ്ഞു. സമുദായത്തിന്റെ ഈ ചെലവുചുരുക്കുന്നതിനെ ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു.

The motion was put and carried.

Secretary to the Council: The title of the Bill is the Cochin Nambudiri Bill.

Mr. C. A. Kunjunni Raja (*Advocate-General*): Sir, I beg to move that the Bill be referred to a Select Committee consisting of Messrs. K. Ashtamoorthi Nambudiripad, C. Kunhan Nambudiripad, C. N. Ittiravi Nambudiripad, V. N. Damodaran Nambiar, A. Eachara Menon, Mrs. Thankamma N. Menon and the mover.

***Mr. T. A. Ramachandra Ayyar** (*Nellayi*): I oppose the motion.

ഈ ബിൽ സിലക്ട് കമ്മിറ്റിക്കയക്കുന്നതിനെ ഞാൻ എതിർക്കുന്നു. ഇതിലേക്ക് ഇതേവരെ മൂന്നു സിലക്ട് കമ്മിറ്റി കഴിഞ്ഞിട്ടുണ്ട്. അതായതു കൊച്ചിരാജ്യം മുഴുവൻ സഞ്ചരിച്ചു തെളിവെടുത്തു സമുദ്ധരിച്ചിട്ടുള്ള റിപ്പോർട്ടിനെ കുലങ്കഷമായി നിരൂപണം ചെയ്യുന്നതിനു ശേഷമാണ് ഗവർമ്മെണ്ട് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു. അതുകൊണ്ട് ഇതിൽ എന്തെങ്കിലും ഭേദഗതി വരുത്തണമെന്നുണ്ടെങ്കിൽ ഈ കൌൺസിലിൽ അവതരിപ്പിച്ചു കൊണ്ടുവന്നു ചെയ്യാവുന്നതാണു്. ഇതു് സിലക്ട് കമ്മിറ്റിക്കു് അയക്കേണ്ട ആവശ്യമില്ലെന്നാണു എന്റെ അഭിപ്രായം.

Mr. K. S. Panicker (*Ezhuvas-Mukundapuram*): I second the motion to oppose the Bill being referred to the Select Committee.

Mr. President: What then is the alternative? If it is the intention of the hon'ble members to oppose the motion for referring the Bill to a Select Committee and let the Bill be straightaway taken into consideration, there is no S. O. to permit such a thing. When a motion is moved to refer the Bill to a Select Committee, the only motion to move next is the one for circulation for eliciting public opinion.

Mr. P. Govinda Menon (*Mulakunnathukavu*): I would be requesting the Government to move for the immediate consideration of the Bill.

Mr. President: Then you can't move amendments.

Mr. P. Govinda Menon (*Mulakunnathukavu*): Even then this motion can be opposed.

Mr. President: What comes out of it? Nothing happens. Further the Standing Order says that no member of the House can move a motion which will have a more expeditious effect

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

than the motion moved by the member in charge of the Bill. There is no such thing in the Standing Orders or Rules to allow any motion contemplated by you. You won't achieve your object by opposing the motion for referring the Bill to a Select Committee.

As a matter of fact, I was thinking about this matter seriously before our decision to commit the Bill to a Select Committee. Hon'ble members should know perfectly well that even though similar Bills have been discussed in this House very often, there have been considerable differences of opinion amongst members of the Nambudiri community themselves and that His Highness the Maharaja had not given his assent to any of the Bills that were passed by this House on the subject. The Government now thought that the time has come when a measure of this kind should be placed on the Statute Book. So they have framed this Bill. Although many other similar Bills have been discussed in this House in the past, the provisions of this Bill are of a far-reaching character introducing changes in the customs of the Nambudiri community, and the Government thought that it will not be justifiable that a Bill of this nature should be rushed through in one session of the Council. Both the Government and this House would not be justified in adopting such a procedure. That is the reason why Government thought that there is no other alternative than to refer it to a Select Committee. I do think that there is no other chance to expedite action than this. Government are equally anxious to expedite the passage of this Bill and what I might do is—though the next Legislative Session will be only in the coming Vrischigam—I would consider the possibility of allotting a day during the budget session for this. I would seriously think about that. In the meantime, the Select Committee may expedite their report.

Mr. P. Govinda Menon (*Mulakunnathukavu*): In that case we withdraw our objection.

Mr. President: The motion is to refer the Cochin Nambudiri Bill to a Select Committee consisting of the members mentioned by the Advocate-General. The Advocate-General will be the Chairman of the Select Committee and the Committee should report within 2 months.

The House rose for lunch at 1-10 p. m. and re-assembled at 2-45 p. m. with the Deputy President in the Chair.

The Cochin Court-fees Act Amendment Bill.

Mr. C. A. Kunjunni Raja (*Advocate-General*): Sir, I beg to move that the Cochin Court-Fees Act Amendment Bill be read in Council.

LIBRARY ARCHIVES Kerala Legislative Assembly